# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ജൂലൈ 09 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 1

### ഭക്ഷ്യകിറ്റ് വിതരണ പദ്ധതി ഉദ്ഘാടനം ചെയ്തു
## എല്ലാവർക്കും ഓൺലൈൻ പഠനസൗകര്യം ലഭ്യമാകും: മുഖ്യമന്ത്രി പിണറായി വിജയൻ

സംസ്ഥാനത്തെ മുഴുവൻ സ്കൂൾ കുട്ടികൾക്കും ഓൺലൈൻ പഠനസൗകര്യം ലഭ്യമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ഇനിയും പഠനസൗകര്യം ലഭിക്കാത്തവരുണ്ടെങ്കിൽ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി കോവിഡ് 19 കാലത്ത് സ്കൂൾ കുട്ടികൾക്ക് നൽകുന്ന ഭക്ഷ്യകിറ്റുകളുടെ സംസ്ഥാനതല വിതരണോദ്ഘടനം ഓൺലൈനിലൂടെ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി പിണറായി വിജയൻ, കോടാലി ഗവ. എൽ പി സ്കൂളിൽ നടന്ന പരിപാടിയിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. ഭക്ഷ്യകിറ്റുകളുടെ വിതരണം അദ്ദേഹം നിർവഹിച്ചു.

പ്രീപ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി കുട്ടികൾക്ക് മൂന്ന് തരത്തിലാണ് കിറ്റുകൾ നൽകുന്നത്. പ്രീപ്രൈമറി കിറ്റിൽ 1.2 കിഗ്രാം അരിയും 283.50 രൂപയുടെ 9 ഇനം പലവ്യഞ്ജനങ്ങളുമാണുള്ളത്. പ്രൈമറി കിറ്റിൽ 4 കി.ഗ്രാം അരിയും 283.50 രൂപയുടെ 9 ഇനം പലവ്യഞ്ജനങ്ങളുമാണുള്ളത്. അപ്പർ പ്രൈമറി കിറ്റിൽ 6 കി.ഗ്രാം അരിയും 380.50 രൂപയുടെ 9 ഇനം പലവ്യഞ്ജനങ്ങളുമാണുള്ളത്. ചെറുപയർ, കടല, തൂവരപരിപ്പ്, മുളക്പൊടി, മല്ലിപൊടി, മഞ്ഞൾപൊടി, ആട്ട, പഞ്ചസാര, ഉപ്പ് എന്നിവയാണ് കിറ്റിൽ ഉള്ള പലവ്യഞ്ജനങ്ങൾ.

പ്രീപ്രൈമറി വിഭാഗത്തിൽ 2,21,133 കുട്ടികൾക്കും പ്രൈമറി വിഭാഗത്തിൽ 14,22,212 കുട്ടികൾക്കും അപ്പർ പ്രൈമറി വിഭാഗത്തിൽ 9,83,418 കുട്ടികളുമുൾപ്പെടെ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ 26,26,763 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. 81.37 കോടി രൂപയാണ് പദ്ധതി ചെലവ്. പൊതുവിദ്യാഭ്യാസ വകുപ്പിന് വേണ്ടി സപ്ലൈകോയാണ് കിറ്റുകൾ തയ്യാറാക്കി നൽകുന്നത്. സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി, പിടിഎ, എസ്എംസി, മദർ പിടിഎ എന്നിവയുടെ സഹകരണത്തോടെ ആരോഗ്യസുരക്ഷാ മാനദണ്ഡങ്ങളും ശാരീരിക അകലവും പാലിച്ചാണ് വിതരണം. ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി പി തിലോത്തമൻ ഓൺലൈൻ ഉദ്ഘാടനച്ചടങ്ങിൽ മുഖ്യാതിഥിയായി. സിവിൽ സപ്ലൈസ് സിഎംഡി ഡോ. ബി അശോക് സംസാരിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ ജീവൻ ബാബു നന്ദി പറഞ്ഞു. കൊടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കലാപ്രിയ സുരേഷ്, മറ്റത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി സി സുരേന്ദ്രൻ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ എൻ ഗീത, മറ്റ് ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

*ഫോട്ടോ അടിക്കുറിപ്പ്:*
*1) സ്കുൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം കുട്ടികൾക്കുള്ള ഭക്ഷ്യ കിറ്റ് വിതരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം കോടാലി ഗവ എൽ പി സ്കൂളിൽ വീഡിയോ കോൺഫറൻസിങ്ങ് മുഖേന മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു*
*2) സ്കുൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം കുട്ടികൾക്കുള്ള കിറ്റുകളുടെ വിതരണം വിദ്യാഭ്യാസ മന്ത്രി സി രവീന്ദ്രനാഥ് നിർവഹിക്കുന്നു*

# പ്ലസ് വൺ പ്രവേശനം 10ന് ശേഷം

ജില്ലയിൽ പ്ലസ് വൺ പ്രവേശന നടപടികൾ ഈ മാസം 10നു ശേഷം ആരംഭിക്കും. മുൻവർഷങ്ങളിലെപ്പോലെ ഓൺലൈനായി ഏകജാലക സംവിധാനത്തിൽത്തന്നെയാകും പ്രവേശന നടപടികൾ. അപേക്ഷിക്കാൻ കൂടുതൽ ദിവസം അനുവദിക്കും. സിബിഎസ്ഇ, ഐസിഎസ്ഇ ഫലം 15നകം വരുന്നതിനാൽ എല്ലാവർക്കും ആദ്യഘട്ടം തന്നെ അപേക്ഷ നൽകാനാകും.

202 ഹയർ സെക്കണ്ടറി സ്കൂളുകളാണ് ജില്ലയിലുള്ളത്. ഇതിൽ 76 എണ്ണം ഗവൺമെന്റും 93 എണ്ണം എയ്ഡഡും 33 എണ്ണം അൺ എയ്ഡഡുമാണ്. എസ്എസ്എൽസി വിജയിച്ച വിദ്യാർഥികൾക്കായി ഹയർ സെക്കൻഡറി സ്കൂളുകളിലുള്ളത് 32,650 പ്ലസ് വൺ സീറ്റാണ് ആകെ ഉള്ളത്. ഇതിൽ സർക്കാർ സ്കൂളുകളിലും എയ്ഡഡ് മേഖലയിലുമായി 28,050 സീറ്റുകളും അൺഎയ്ഡഡ് സ്കൂളുകളിൽ 4600 സീറ്റുകളുമുണ്ട്. സർക്കാർ സ്കൂളുകളിലെ മുഴുവൻ സീറ്റും എയ്ഡഡ് സ്കൂളുകളിലെ കമ്യൂണിറ്റി, മാനേജ്മെന്റ്ക്വോട്ടാ സീറ്റുകൾ ഒഴികെയുള്ള സീറ്റുകളുമാണ് സർക്കാർ നേരിട്ടു നടത്തുന്ന ഏകജാലക പ്രവേശനത്തിനു കീഴിലുള്ളത്. മൊത്തം ഹയർസെക്കണ്ടറി സ്കൂളുകളിലായി 653 ബാച്ചുകളാണ് നിലവിലുള്ളത്. ഇതിൽ 354 എണ്ണം സയൻസും 107 എണ്ണം ഹ്യൂമാനിറ്റീസും 192 എണ്ണം കോമേഴ്സ് ഗ്രൂപ്പുകളുമാണ്. ഏറ്റവുമധികം ബാച്ചുകൾ ഉള്ള സ്കൂൾ പുതുക്കാട് സെന്റ് ആന്റണീസാണ്. 10 ബാച്ചുകളാണ് ഇവിടെയുള്ളത്. കഴിഞ്ഞ വർഷം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള ബാച്ചുകളിൽ ആനുപാതിക സീറ്റ് വർദ്ധന അനുവദിച്ചിരുന്നു. ഇത്തവണ അപേക്ഷകരുടെ എണ്ണം പരിഗണിച്ച് മാത്രമേ അലോട്ട്മെന്റ് ഘട്ടത്തിൽ ഇക്കാര്യത്തിൽ തീരുമാനമുണ്ടാകൂ.

അക്ഷയ കേന്ദ്രങ്ങൾ വഴിയോ കമ്പ്യൂട്ടർ സെന്ററുകൾ വഴിയോ അല്ലെങ്കിൽ സ്വയമോ ഏകജാലക വിന്റോയായ hscap.kerala.gov.in വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. വെബ് സൈറ്റിൽ കയറി അഡ്മിഷൻ ലിങ്ക് ഓപ്പൺ ചെയ്ത് എസ് എസ് എൽ സി രജിസ്റ്റർ നമ്പർ നൽകിയാണ് നടപടികൾക്ക് തുടക്കമിടേണ്ടത്. എന്നാൽ സി ബി എസ് ഇ, ഐ സി എസ് ഇ വിദ്യാർത്ഥികൾ അവരുടെ പേര് വിവരങ്ങൾ സ്വയം ടൈപ്പ് ചെയ്ത് നൽകണം. പ്രവേശന സമയത്ത് ഉണ്ടായേക്കാവുന്ന ആശയക്കുഴപ്പം ഒഴിവാക്കാൻ വിവരങ്ങൾ തെറ്റ് കൂടാതെ നൽകാൻ ശ്രമിക്കണം. അഡ്മിഷന് അപേക്ഷിക്കുന്ന സ്കൂൾ കോഡും തെറ്റ് കൂടാതെ നൽകണം. പൂരിപ്പിച്ച അപേക്ഷയുടെ പകർപ്പിൽ രക്ഷിതാവും വിദ്യാർഥിയും ഒപ്പിട്ട ശേഷം എസ് എസ് എൽ സി സർട്ടിഫിക്കറ്റ്, മറ്റ് സർട്ടിഫിക്കറ്റുകൾ എന്നിവയുടെ കോപ്പി സഹിതം സ്കൂളിൽ വെരിഫിക്കേഷന് നൽകാം. കൂടുതൽ വിവരങ്ങൾക്ക് ഹയർസെക്കൻഡറി ജില്ലാ കോർഡിനേറ്റർ വി എം കരീം-9447437 201, അസിസ്റ്റന്റ് കോർഡിനേറ്റർ, ഷാജു. ഇ.ഡി.- 9446229366 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# അനർഹമായി കൈപ്പറ്റിയ മുൻഗണന കാർഡുകൾ പൊതു വിഭാഗത്തിലേക്ക് മാറ്റണം

ജില്ലയിൽ അനർഹമായി കൈപ്പറ്റിയ മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വച്ചിട്ടുള്ളവർ അടിയന്തരമായി സപ്ലൈ ഓഫീസിൽ ഹാജരായി പൊതുവിഭാഗത്തിലേക്ക് മാറ്റി വാങ്ങണമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. സർക്കാർ- അർദ്ധ സർക്കാർ- പൊതുമേഖലാ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവീസ് പെൻഷൻ പറ്റുന്നവർ, സ്വന്തമായി നാലുചക്ര വാഹനം ഉള്ളവർ, ഒരു ഏക്കറിൽ കൂടുതൽ ഭൂമി സ്വന്തമായി കൈവശമുള്ളവർ,

ആയിരം ചതുരശ്ര അടി വിസ്തീർണത്തിൽ കൂടുതലുള്ള വീടുകൾ ഉള്ളവർ, ആദായനികുതി നൽകുന്നവർ, മാസവരുമാനം 25000 രൂപയിലധികമുള്ളവർ എന്നിവർ മുൻഗണനാ കാർഡിന് അർഹരല്ല. ഇത്തരക്കാർ മുൻഗണനാ കാർഡ് കൈവശം ഉണ്ടെങ്കിൽ മുൻഗണനേതര കാർഡാക്കി മാറ്റണം. അനർഹമായ കാർഡ് കൈവശം വച്ചിട്ടുള്ളവരെ കണ്ടെത്തിയാൽ ഇതുവരെ കൈപ്പറ്റിയ റേഷന്റെ അധിക വിപണി വില, 50,000 രൂപ പിഴ കൂടാതെ ഒരു വർഷം വരെ തടവും ലഭിക്കും. അനർഹർ മുൻഗണന റേഷൻ കാർഡ് സ്വമേധയാ മുൻഗണനതേര കാർഡ് ആക്കിയാൽ നടപടി സ്വീകരിക്കുന്നതല്ല.

അനർഹരായവർ കാർഡുകൾ കൈവശം വയ്ക്കുന്നതിനെക്കുറിച്ച് അറിവുള്ള പൊതുജനങ്ങൾക്കും പൊതുപ്രവർത്തകർക്കും നേരിട്ടും തപാൽ മുഖേനയും താലൂക്ക് സപ്ലൈ ഓഫീസർക്ക് പരാതി നൽകാം. പരാതി നൽകുമ്പോൾ പരാതിക്കാരന്റെ മേൽവിലാസം വെളിപ്പെടുത്തേണ്ടതില്ല.

റേഷൻ കാർഡിൽ അംഗങ്ങളുടെ പേര് ആധാർ കാർഡുമായി ഇനിയും ബന്ധിപ്പിക്കാത്തവർ ഉണ്ടെങ്കിൽ അക്ഷയ സെന്റർ, സപ്ലൈ ഓഫീസ് എന്നിവയുമായി ബന്ധപ്പെട്ട് ജൂലൈ 31 നകം നടപടികൾ പൂർത്തിയാക്കണം. ഓഫീസിൽ ഹാജരാകാൻ സാധിക്കാത്ത അംഗപരിമിതർ, കിടപ്പുരോഗികൾ എന്നിവരുടെ ഒഴികെയുള്ള ആധാർ നമ്പർ ചേർക്കാത്തവരുടെ പേരുകൾ റേഷൻ കാർഡിൽ നിന്ന് മുന്നറിയിപ്പില്ലാതെ തന്നെ നീക്കം ചെയ്യും. റേഷൻ വിഹിതം വാങ്ങുമ്പോൾ കാർഡുടമകൾ ബില്ല് ചോദിച്ചു വാങ്ങുകയും വേണം.

ജില്ലയിലെ അനർഹരെ കുറിച്ച് പരാതി നൽകുന്നതിനുള്ള ഫോൺ നമ്പറുകൾ: തലപ്പിള്ളി-04884 232257, തൃശ്ശൂർ-0487 2331031, ചാവക്കാട്-0487 2502525, മുകുന്ദപുരം-0480 2825321, ചാലക്കുടി-0480 2704300 കൊടുങ്ങല്ലൂർ-0480 2802374.

# ഗുരുവായൂർ ക്ഷേത്രത്തിൽ വിവാഹങ്ങൾ ജൂലൈ 10ന് പുനരാരംഭിക്കും

കോവിഡ് പ്രോട്ടോകോൾ പാലിച്ച് അഡ്വാൻസ് ബുക്കിങ്ങ് പ്രകാരം ഗുരുവായൂർ ക്ഷേത്രത്തിൽ ജൂലൈ 10 മുതൽ വിവാഹങ്ങൾ പുനരാരംഭിക്കും. ബുക്കിങ്ങ് ജൂലൈ 9 മുതൽ പടിഞ്ഞാറെ നടയിലെ വഴിപാട് കൗണ്ടറിലും ഗൂഗിൾഫോം വഴി ഓൺലൈനായുമാണ് സ്വീകരിക്കുക. നിർത്തിവെച്ചിരുന്ന വിവാഹങ്ങൾ ജൂലൈ 10നും തുടർന്നുള്ള ദിവസങ്ങളിലും രാവിലെ 5 മുതൽ ഉച്ചയക്ക് 12.30 വരെ കിഴക്കേ നടപന്തലിലെ വിവാഹമണ്ഡപങ്ങളിൽ വെച്ച് നടത്തും. ബുക്കിങ്ങ് ചെയ്തു വരുന്നവരുടെ വിവാഹങ്ങൾ മാത്രമേ നടത്തി കൊടുക്കുകയുള്ളൂ.

ഒരു വിവാഹ പാർട്ടിയിൽ വധൂവരന്മാരും ഫോട്ടോഗ്രാഫർ/വീഡിയോഗ്രാഫർ അടക്കം പരമാവധി 12 പേരിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിക്കില്ല. പങ്കെടുക്കുന്നവരുടെ ഫോട്ടോ ഐഡി കാർഡ് / ആധാർ കാർഡ് അടക്കമുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം വിവാഹ തിയ്യതിയക്ക് 24 മണിക്കൂർ മുമ്പെങ്കിലും വഴിപാട് കൗണ്ടർ വഴിയോ 48 മണിക്കൂർ മുൻപ് ഓൺലയിനായോ ബുക്ക് ചെയ്യേണ്ടതാണ്. ഒരു ദിവസം പരമാവധി 40 വിവാഹങ്ങൾ വരെ നടത്തുകയുള്ളൂ.

വിവാഹ ബുക്കിങ്ങ് നേരത്തെ ചെയ്തത് റദ്ദാക്കാതെ ഉള്ളവരും ബുക്കിങ്ങ് തുക റീഫണ്ട് വാങ്ങാത്തവരും മുൻ ബുക്കിങ്ങ് പ്രകാരം വിവാഹം നടത്തണമെങ്കിൽ വിവരം രേഖാമൂലം അറിയിച്ച് ബുക്കിങ്ങ് പുതുക്കേണ്ടതാണ്. നിശ്ചയിയ്ക്കപ്പെട്ട സമയത്തിന് കൃത്യം 20 മിനിറ്റ് മുമ്പ് മാത്രം വിവാഹപാർട്ടികൾ റിപ്പോർട്ട് ചെയ്യണം. സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള കോവിഡ് പ്രോട്ടോകോളും ദേവസ്വം/ പോലീസ് എർപ്പെടുത്തിയ നിബന്ധനകളും കർശനമായി പാലിക്കേണ്ടതാണെന്നും ദേവസ്വം ചെയർമാൻ കെ. ബി.മോഹൻദാസ് അറിയിച്ചു.

# ചാവക്കാട് തെരുവ് വിളക്കുകൾ എൽഇഡി ആക്കും

ചാവക്കാട് നഗരസഭയിലെ മുഴുവൻ തെരുവ് വിളക്കുകളും എൽഇഡിയാക്കി മാറ്റുന്നു. പദ്ധതി വെള്ളിയാഴ്ച (ജൂലൈ 10) മടേക്കടവ് സെൻററിൽ കെ. വി അബ്ദുൾ ഖാദർ എം.എൽ.എ ഉദ്ഘാടനം ചെയ്യും. 50 ലക്ഷത്തിനാണ് പദ്ധതി പൂർത്തീകരിക്കുന്നത്. ഇതിനായി 75 കിലോ മീറ്റർ സ്ട്രീറ്റ് ലെയിൻ വലിച്ചു. 24, 36, 45 എന്നീ വാട്ടേജുകളിലുള്ള 2000 എൽഇഡി തെരുവ് വിളക്കുകളാണ് നഗരസഭ പ്രദേശത്ത് സ്ഥാപിക്കുക.

# പൊതു ജലാശയങ്ങൾ മത്സ്യ കൃഷിക്ക് അനുയോജ്യമാക്കി

മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഉപയോഗശൂന്യമായ പൊതു ജലാശയങ്ങൾ മത്സ്യ കൃഷിക്ക് അനുയോജ്യമാക്കി മാറ്റി. ഇതിനായി വ്യക്തികൾക്ക് കുളങ്ങൾ ലേലത്തിൽ നൽകുകയും ഈ കുളങ്ങളിൽ വ്യക്തികളും സംഘടനകളും മത്സ്യ കൃഷി ആരംഭിക്കുകയും ചെയ്തു. ബയോനേച്ചർ ക്ലബ്ബും അസുരൻകുണ്ട് ഡാം മത്സ്യ കർഷക പുരുഷ സ്വയംസഹായ സംഘവും ചേർന്നാണ് പ്രവൃത്തികൾ പൂർത്തിയാക്കിയത്. യു ആർ പ്രദീപ് എം എൽ എ പ്രവൃത്തികൾ ഉദ്ഘാടനം ചെയ്തു. മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം എച്ച് അബ്ദുൽ സലാം, മിനി രാധാകൃഷ്ണൻ, കെ എ ജസീൽ, പി ആർ രതീഷ് തുടങ്ങിയവർ പങ്കെടുത്തു.

# തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്തു

മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് കർഷകർക്ക് തെങ്ങ് കയറ്റ യന്ത്രങ്ങൾ വിതരണം ചെയ്തു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കേരഗ്രാമം പദ്ധതി പ്രകാരം ഈ വർഷത്തിൽ 20,58,000 രൂപ അനുവദിച്ചിരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഒരു ലക്ഷം രൂപയ്ക്കുള്ള 50 തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് അനുവദിച്ചത്. യന്ത്രങ്ങളുടെ വിതരണ ഉദ്ഘാടനം യു. ആർ പ്രദീപ് എം എൽ എ നിർവഹിച്ചു. എം എച്ച് അബ്ദുൽ സലാം, മിനി രാധാകൃഷ്ണൻ നിർവഹിച്ചു. പി ആർ രതീഷ്, കെ എ ജസീൽ, സ്മിത എം ആർ, എൻ ജി പ്രഭാകരൻ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

# ചാവക്കാട് നഗരസഭ 28 കുടുംബ-വ്യക്തിഗത പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു

ചാവക്കാട് നഗരസഭയിൽ 2020-21 ജനകീയാസൂത്രണ പദ്ധതികളുടെ ഭാഗമായി സുഭിക്ഷ കേരളം പദ്ധതി, കുടുംബ-വ്യക്തിഗത പദ്ധതികൾ എന്നിവയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു. തരിശുഭൂമിയിൽ പച്ചക്കറി കൃഷി/ കിഴങ്ങ് കൃഷി-വ്യക്തിഗതം/ ഗ്രൂപ്പ്, മൺചട്ടിയിൽ ഉള്ള പച്ചക്കറി കൃഷി, ആട് വളർത്തൽ, പശു വളർത്തൽ, മത്സ്യം വളർത്തൽ (പടുതാക്കുളം, ബയോഫ്ലോക്ക്, കരിമീൻ കൃഷി), മുട്ടക്കോഴി വിതരണം, കന്നുകുട്ടി പരിപാലന പദ്ധതി, തെങ്ങിൻതൈ വിതരണം, ഫലവൃക്ഷത്തൈ വിതരണം, തെങ്ങിന് ജൈവവളം വിതരണം, വയോജനങ്ങൾക്ക് കട്ടിൽ, പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്കും മത്സ്യത്തൊഴിലാളികളായ വിദ്യാർത്ഥികൾക്കും ലാപ്ടോപ്, മേശ, കസേര എന്നിവയുടെ വിതരണം, സൗജന്യ കുടിവെള്ള കണക്ഷൻ, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി, വ്യക്തികൾക്കും ഗ്രൂപ്പിനും സ്വയം തൊഴിൽ ധനസഹായം, കിണർ നിർമ്മിക്കുന്നതിനുള്ള ധനസഹായം എന്നിങ്ങനെ 28 പദ്ധതികൾക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.

അപേക്ഷാഫോം നഗരസഭ ഓഫീസിൽ നിന്നോ നഗരസഭ കൗൺസിലർമാരുടെ പക്കൽ നിന്നും കൈപ്പറ്റാവുന്നതാണ്. കൂടാതെ ചാവക്കാട് നഗരസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്ന് അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. പൂരിപ്പിച്ച അപേക്ഷ ജൂലൈ 15ന് വൈകീട്ട് 5 മണിക്ക് മുൻപായി നഗരസഭ ഓഫീസിൽ നേരിട്ടോ കൗൺസിലർമാർ മുഖേനയോ സമർപ്പിക്കാം.

# പുന്നയൂർ പഞ്ചായത്തിൽ വിത്തു വിതരണം ചെയ്തു

'ഓണത്തിന് ഒരു മുറം പച്ചക്കറി' പുന്നയൂർ പഞ്ചായത്ത്തല ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡണ്ട് ബുഷറ ഷംസുദ്ദീൻ നിർവ്വഹിച്ചു. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും ഓണത്തിന് വിളവെടുക്കാവുന്ന വിധത്തിൽ പച്ചക്കറി വിത്തുകൾ വിതരണം ചെയ്യും. വൈസ് പ്രസിഡണ്ട് ഐ. പി രാജേന്ദ്രൻ അധ്യക്ഷത വഹിച്ചു. ക്ഷേമ കാര്യ സ്ഥിരം

സമിതി ചെയർമാൻ പി. വി ശിവാനന്ദൻ, അംഗങ്ങളായ ആർ. പി ബഷീർ, സുഹറ ബക്കർ, മുനാഷ് മച്ചിങ്ങൽ, കെ. വി അബ്ദുൽ കരീം, കൃഷി ഓഫീസർ രമ്യ എന്നിവർ പങ്കെടുത്തു.
***ഫോട്ടോ അടിക്കുറിപ്പ്: പുന്നയൂരിൽ 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ പഞ്ചായത്ത്തല ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡണ്ട് ബുഷറ ഷംസുദ്ദീൻ നിർവ്വഹിക്കുന്നു***

# മത്സ്യ കർഷകർക്ക് പരിശീലനം നൽകും.

ബയോഫ്ലോക്ക് കൃഷിരീതിയുടെ സാങ്കേതികവശങ്ങൾ മത്സ്യകർഷകരെ പരിചയപ്പെടുത്തുവാനായി മത്സ്യ കർഷകർക്ക് പരിശീലനം നൽകുന്നു. മത്സ്യകർഷകദിനാചരണത്തിന്റെയും സുഭിക്ഷ കേരളം ബയോഫ്ലോക് പരിശീലന പദ്ധതിയുടെയും ഉദ്ഘാടനം ജൂലൈ 10ന് ഫിഷറീസ് മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ ഓൺലൈനായി നിർവഹിക്കും. 14 ജില്ലകളിൽ 40 കേന്ദ്രങ്ങളിലായി നാനൂറോളം മത്സ്യ കർഷകർ നേരിട്ട് പരിശീലന പരിപാടിയിൽ പങ്കെടുക്കും.

ജില്ലയിൽ പീച്ചി ഹാച്ചറി, അഴീക്കോട് ഹാച്ചറി, ചാവക്കാട് ബ്ലോക്ക്, ചാലക്കുടി ബ്ലോക്ക് എന്നിവിടങ്ങളിലാണ് പരിശീലനം നടത്തുന്നത്. ബയോഫ്ലോക്ക് മത്സ്യ കൃഷി രീതിയിൽ സാങ്കേതികത ആഗ്രഹിക്കുന്നവർക്ക് https://www.facebook.com/janakeeyamatsyakrishi.kerala.9 എന്ന ലിങ്കിലൂടെ ലൈവായി പരിശീലനത്തിൽ പങ്കെടുക്കാം.

## തുടരും